## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 396** **29.06.2015 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, അൻവർ സാദത്ത്<br>,, കെ.ശിവദാസൻ നായർ : | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) സൗരോർജ്ജ നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) ലഭ്യമായ സൗരോർജ്ജം പരമാവധി ഉപയോഗിക്കുക.<br>(2) കാർബൺ എമിഷൻ കുറച്ചുകൊണ്ട് പരമാവധി ഊർജ്ജ സുരക്ഷ ഉറപ്പ് വരുത്തുക.<br>(3) സോളാർ ഊർജ്ജവുമായി ബന്ധപ്പെട്ട മേഖലകളിൽ നേരിട്ടും അല്ലാതെയും ഉള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>(4) ഈ മേഖലകളിൽ പുതിയ കണ്ടുപിടിത്തവുമായി ബന്ധപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുക. |
| (സി) സൗരോർജ്ജത്തിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (സി) സംസ്ഥാനത്ത് സൗരോർജ്ജത്തിൽ നിന്നും 2017- ഓടെ 500 MW ഉം 2030 നകം 2500 MW ഉം വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഉതകുന്ന സ്ഥാപിതശേഷി കൈവരിക്കുന്നതിനാണ് സൗരോർജ്ജ നയം വഴി ലക്ഷ്യമിടുന്നത്. |
| (ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) പ്രസ്തുത നയ പ്രകാരം രൂപീകരിച്ച സംസ്ഥാനതല എംപവേർഡ് കമ്മറ്റിയുടെ ആദ്യയോഗം അഡീഷണൽ ചീഫ് സെക്രട്ടറി (ഊർജ്ജം) യുടെ അദ്ധ്യക്ഷതയിൽ ചേരുകയും |

സ്വീകരിക്കേണ്ട അനന്തര നടപടികളെ സംബന്ധിച്ച് ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടി കൈക്കൊള്ളുകയുമുണ്ടായി.

1.കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിലെ 300 ഏക്കർ സ്ഥലത്ത് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പദ്ധതി പ്രദേശത്തെ ഭൂവുടമകളുടെ വിവരങ്ങൾ ശേഖരിക്കുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നല്കുകയും തുടർന്ന് പദ്ധതി സ്ഥാപിക്കുന്നതിനായി ഭൂവുടമകളുടെ കമ്പനി രൂപീകരിക്കുകയും ചെയ്തു.

2. സോളാർ പോളിസിയിലെ ഖണ്ഡിക 6.7 പ്രകാരം ബിൽഡിംഗ് റൂളും ബിൽഡിംഗ് ബൈലോയും മാറ്റം വരുത്താൻ തദ്ദേശസ്വയം ഭരണ വകുപ്പിന് നിർദ്ദേശം നല്കി.

3. സൂര്യപ്രകാശം തീവ്രമായി ലഭിക്കുന്ന വ്യാവസായിക പ്രദേശങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വ്യാവസായ വകുപ്പിനോട് ആവശ്യപ്പെട്ടു.

കൂടാതെ, സോളാർ പോളിസിയിൽ ലക്ഷ്യമിട്ട സ്ഥാപിതശേഷി കൈവരിക്കുന്നതിന്, കെ.എസ്.ഇ.ബി ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

Annexur of Question No. 396

അനുബന്ധം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സൌരോർജ്ജ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
|---|---|---|
| 1 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കെട്ടിടങ്ങളുടെ അനുയോജ്യമായ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 1.35 |
| 2 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കഞ്ചിക്കോട് ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 3 | പാലക്കാട് ജില്ലയിലെ അഗളി ചാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.096 |
| 4 | 110 കെ വി. കൊല്ലംകോട് സബ് സ്റ്റേഷന്റെ പരിസരത്ത് ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 5 | പൊരിങ്ങൽകുത്ത് പവർഹൌസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 0.050 |
| 6 | കമ്പമല, മാനന്തവാടി റ്റീ എസ്റ്റേറ്റിൽ പോൾ മൌണ്ടട് ഗ്രിഡ് കണക്ടഡ് സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.040 |
| 7 | തിരുവനന്തപുരം കോളേജ് ഓഫ് ഇൻജിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ (stage -1) | 0.13456 |
| 8 | RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ 15 വില്ലേജുകളിലായി ഓഫ് ഗ്രിഡ് സൌരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കൽ | 0.1315 |
| 9 | വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ ഡാമിൽ സൌരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 10 | കക്കയം സോളാർ പമ്പിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 1 |
| | കക്കയം സോളാർ ഫ്ലോട്ടിംഗ് പ്ലാന്റ് സ്ഥാപിക്കൽ | 1 |
| 11 | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-I | 0.5 |
| | ബാണാസുരസാഗർ റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് പ്ലാന്റ് Stage-II | 2.5 |
| 12 | ഗവൺമെന്റ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിക്കുന്ന സൌരോർജ്ജ പ്ലാന്റുകൾ | 3.25 |
| 13 | ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ കനാലിന്റെ മുകളിൽ സൌരോർജ്ജ പദ്ധതി | 2 |
| | ആകെ | 15.05206 |

II. മറ്റ് ഏജൻസി വഴി നടപ്പാക്കാൻ ലക്ഷ്യമിടുന്ന പാരമ്പര്യേതര പദ്ധതികൾ

| സോളാർ പദ്ധതി | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതി | ശേഷി (മെഗാവാട്ട്) |
| A | ഉപഭോക്താക്കൾ വഴി സ്ഥാപിക്കുന്ന ചെറിയ ശേഷിയുള്ള ഗ്രിഡ് കണക്ടഡ് പദ്ധതികൾ | |
| 1 | സൌരവൈദ്യുത ഉല്പാദന സംവിധാനം വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ 10.06.2014 Grid Interactive Distributed Solar Energy System എന്ന പേരിൽ ഒരു റഗുലേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാനത്തെ എല്ലാതരം LT / HT ഉപഭോക്താക്കളുടേയും സൌരോർജ്ജ പാനലുകൾ അവർ അപേക്ഷിക്കുന്ന മുറയ്ക്ക് വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ച് വരുന്നു. CEA-യുടെ 2013-ലെ Technical Standards of connectivity for Distributed Generation Resource Regulation അനുസരിച്ചാണ് ഇത്തരം വൈദ്യുതി ഉല്പാദന സംവിധാനങ്ങൾ പ്രവർത്തിക്കേണ്ടത്. EHT ഉപഭോക്താക്കൾക്ക് പ്രസരണ ശൃംഖലയുമായി ബന്ധിപ്പിക്കാവുന്ന പദ്ധതികൾ അനുവദിച്ചുകൊണ്ട് ബോർഡ് ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്തെ 9 ഉപഭോക്താക്കളിൽ നിന്നായി 154 കിലോവാട്ട്സ് സൌരോർജ്ജ പാനലുകൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. | |
| B | ഉയർന്ന ശേഷിയുള്ള ഗ്രിഡ് കണക്ടഡ് പദ്ധതികൾ | |
| 1 | കൊല്ലം ജില്ലയിൽ വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതി | 50 |
| 2 | കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ SECI-യുമായി സഹകരിച്ചുകൊണ്ടുള്ള പദ്ധതി | 200 |
| | ആകെ | 250 |